**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail–dirdhse.dge@kerala.gov.in**
**Phone No 0471 2280759**

**നമ്പർ : HSE/3693/2025-Ad C6** **തീയതി : 19-04-2025**

**സർക്കുലർ**

**വിഷയം: - പൊതുവിദ്യാഭ്യാസം - സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ ട്രാൻസ്ഫർ - പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് Excess ആയ അധ്യാപകരുടെ Profile Details അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച്**

സൂചന:- 1. **27.03.2025**-ലെ **G.O. (Rt) No. 2283/2025/GEDN** നമ്പർ സർക്കാർ ഉത്തരവ്.

2. **07.04.2025** ലെയും **16.04.2025** ലെയും **HSE/3693/2025 -Ad C6** നമ്പര് സർക്കുലറുകൾ

3. **18.04.2025**-ലെ കൈറ്റ്/**2025/1748 (10)** നമ്പർ സർക്കുലർ.

സൂചന **(2)** പ്രകാരം **2025-26**-ലെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അധ്യാപകരുടെ **Profile Update** ചെയ്യാനും പ്രിൻസിപ്പൽമാർ ഇത് **verify** ചെയ്ത്

കൃത്യമായ Vacancy റിപ്പോർട്ട് ചെയ്യാനും മാർഗനിര്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം 2024-25-ലെ ഹയർ സെക്കന്ററി പ്രിൻസിപ്പൽ നിയമനം നടത്തിയതിന്റെ ഫലമായി അവർ നിയമനം നേടിയ സ്കൂളുകളിൽ Excess ആയ അധ്യാപകർക്ക് Profile Update ചെയ്യാന് കഴിഞ്ഞിട്ടില്ല. ഇപ്രകാരം വരുന്ന അധ്യാപകരെ 02.03.2019-ലെ സ.ഉ. (സാധാ) നം. 838/2019/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ നടത്തേണ്ടതാണ്. എന്നാൽ അതിന് മുമ്പ് സ്റ്റാഫ് ഫിക്സേഷൻ നടത്തി 11.03.2025-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം അധ്യാപകരെ സ്ഥലംമാറ്റിയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ ആ പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രക്രിയ പൂർത്തിയായാൽ മാത്രമേ പ്രിൻസിപ്പൽമാർ ജോയിൻ ചെയ്ത സ്കൂളുകളിലെ Excess അധ്യാപകരുടെ സ്ഥലംമാറ്റം നടത്താൻ കഴിയൂ എന്നതിനാലാണ് ഇക്കാര്യം സാധ്യമാവാതെ വന്നത്.

എന്നാൽ ഈ വർഷം കൃത്യമായി ജനറൽ ട്രാൻസ്ഫർ പൂർത്തിയാക്കണം എന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും സർക്കാരും നിഷ്ക്കർഷിച്ചിരിക്കുന്നതിനാലും 2024-25 അദ്ധ്യയന വർഷം പൂർത്തിയായതിനാലും, സമയബന്ധിതമായി മുഴുവൻ അധ്യാപകരുടേയും സ്ഥലംമാറ്റവും നിയമനവും 2025-26 അദ്ധ്യയന വർഷം നടക്കാൻ എല്ലാ അധ്യാപകരുടേയും Profile Update നടത്തേണ്ടത് അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ സൂചന (3) സർക്കുലറിൽ സ്വീകരിച്ചതിന് സമാനമായും, പ്രിൻസിപ്പൽ പോസ്റ്റിംഗിന്റെ ഭാഗമായി Excess ആയി വരുന്ന അധ്യാപകരുടെ സ്ഥലംമാറ്റം ആ അദ്ധ്യയന വർഷം പൂർത്തിയായതിനാൽ 2025-26 ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് അവരുടെ Profile Update നടത്തുന്നതിന്

താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ  പുറപ്പെടുവിക്കുന്നു:

1. സൂചന  1 സർക്കാർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽമാർ ജോയിൻ ചെയ്യതിന്റെ ഭാഗമായി **Excess** ആയ അധ്യാപകരുടെ ജനറൽ ട്രാൻസ്ഫറിനായുള്ള **Profile Update** അതേ സ്കൂളിൽ തന്നെ **Excess** ആയി പരിഗണിച്ച് ചെയ്യാന് പ്രിൻസിപ്പൽമാർ  സൗകര്യം ഒരുക്കേണ്ടതാണ്.

2 .  ഈ പ്രക്രിയ **22.04.2025** വൈകുന്നേരം **04.00** മണിക്ക് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

Signed by
Santhosh Kumar. P
Date: 19-04-2025 15:57:07

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**